WEDNESDAY 09/04/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor: Haripriya Devi VV (I/C) Editor: Dr. Binu Harriet Ivan

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 09/04/2025

1. കേരള സർക്കാരിൻ്റെ കൃഷിവകുപ്പ്, ആലപ്പുഴയിലെ സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കായുള്ള ഇൻ്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെൻ്റർ ഡയറക്ടർ / ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CEO) തസ്തികയിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു . കേരള സർക്കാരിൻ്റെ കൃഷി വകുപ്പിൻ്റെ കീഴിൽ 2014-ൽ ആരംഭിച്ച ഒരു സ്വയംഭരണ സ്ഥാപനമാണ് സമുദ്രനിരപ്പിന് താഴെയുള്ള കൃഷിക്കായുള്ള ഇൻ്റർനാഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് സെൻ്റർ. തീരദേശ തണ്ണീർത്തടങ്ങളിൽ സുസ്ഥിര കൃഷി പ്രോത്സാഹിപ്പിക്കുന്ന പങ്കാളിത്ത ഗവേഷണവും ആശയവിനിമയ സംവിധാനവും സുഗമമാക്കുക, പുതിയ കൃഷിരീതികൾ വികസിപ്പിക്കുക, ജൈവവൈവിധ്യ സംരക്ഷണം, കള, കീട നിയന്ത്രണം, അനുയോജ്യമായ മത്സ്യബന്ധനവും വികസിപ്പിക്കുക, കാലാവസ്ഥാ വ്യതിയാന നിരീക്ഷണം, എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. യോഗ്യത സീനിയർ അക്കാദമിക് സയൻ്റിസ്റ്റ്, ബയോളജിക്കൽ സയൻസസ്, കൃഷി ശാസ്ത്രം, അനിമൽ സയൻസ്, ഫിഷറീസ് സയൻസ്, എർത്ത് സയൻസ്, ബയോടെക്നോളജി സോയിൽ ആൻഡ് വാട്ടർ എൻജിനീയറിങ് എന്നീ തലത്തിൽ 20 വർഷത്തെ പ്രവർത്തി പരിചയം ഉണ്ടായിരിക്കണം. പി എച്ച് ഡി യോഗ്യതയും ഉണ്ടായിരിക്കണം. മൂന്നുവർഷത്തേക്കാണ് നിയമനം. പ്രായം 65 വയസ്സിന് താഴെ. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ബയോഡേറ്റ സഹിതം അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, ഗവൺമെന്റ് ഓഫ് കേരള, സെക്രട്ടറിയേറ്റ് അനെക്സ്, സ്റ്റാച്യു പി ഒ തിരുവനന്തപുരം എന്ന വിലാസത്തിൽ 2025 മെയ് 15ന് 3:00 മണിക്ക് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. പൈനാപ്പിൾ ഇലകളിൽ നിന്നും യന്ത്രസഹായത്താൽ സൈലേജ് കാലിത്തീറ്റ നിർമ്മാണത്തിൻ്റെ സംരംഭകത്വ സാദ്ധ്യതകൾ പ്രദർശിപ്പിക്കുന്നതിനായി ജില്ലയിലെ മുളന്തുരുത്തി, മുവാറ്റുപുഴ, പാമ്പാക്കുട, വാഴക്കുളം ബ്ലോക്കുകളിലൊന്നിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന കൃഷിയിട പ്രദർശന കേന്ദ്രം നടത്തുവാൻ തയ്യാറുള്ള കർഷകർ, കർഷക സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ / സഹകരണ സ്ഥാപനങ്ങൾ / പ്രാദേശിക കൂട്ടായ്മകൾ എന്നിവരിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. തിരഞ്ഞെടുക്കുന്ന ഒരാൾക്ക്/ സ്ഥാപനത്തിന് സാങ്കേതിക വിദ്യയും പരിശീലനവും കൃഷിയിട പ്രദർശന കേന്ദ്രത്തിനാവശ്യമായ യന്ത്രങ്ങളും കെ വി കെയിൽ നിന്നും താൽക്കാലികാടിസ്ഥാനത്തിൽ നൽകുന്നതാണ്. ഈ കേന്ദ്രത്തിൽ നിന്നും കെവികെയുടെ ആഭിമുഖ്യത്തിൽ തന്നെ നടത്തുന്ന തുടർ പരിശീലനങ്ങളിലൂടെ പ്രദേശത്ത് പുത്തൻ സംരംഭങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുകയാണ് ലക്ഷ്യം. കൂടുതൽ വിവരങ്ങൾക്ക് ഡോ. സ്മിത ശിവദാസൻ കെവികെ മൃഗസംരക്ഷണ സ്പെഷ്യലിസ്റ്റ്ഫോൺ: 94461 20244

3. കേരള കാർഷിക സർവ്വകലാശാല സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൻ്റെ നേതൃത്വത്തിൽ 4 ദിവസത്തെ അവധിക്കാല കൃഷി പഠന ക്യാമ്പ് സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് അടിസ്ഥാന കൃഷിപാഠങ്ങൾ പകർന്നു കൊടുക്കുന്ന ക്യാമ്പിന് 12 മുതൽ 15 വയസ്സ് വരെയുള്ള കുട്ടികൾക്ക് അപേക്ഷിക്കാവുന്നതാണ്. *2025 ഏപ്രിൽ 22 മുതൽ 25 വരെ* തൃശ്ശൂർ വെള്ളാനിക്കരയിൽ സ്ഥിതിചെയ്യുന്ന കർഷകഭവനിൽ വെച്ചാണ് 'കുഞ്ഞാളങ്ങൾ' എന്ന പേരിൽ ക്യാമ്പ് നടക്കുന്നത്. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഏപ്രിൽ 15 ന് മുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0 4 8 7 23 71 10 4 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി എൻഐഡബ്ല്യൂഎസ് ഗോവയിൽ പരിശീലനം നൽകുന്ന കടൽ സുരക്ഷാ സ്‌ക്വാഡ് പദ്ധതിയിലേക്ക് 20 നും 45 നും ഇടയിൽ പ്രായമുള്ള മത്സ്യബോർഡ് അംഗത്വമുള്ള മത്സ്യത്തൊഴിലാളികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അപേക്ഷകർക്ക് നീന്തൽ അറിഞ്ഞിരിക്കണം. ഏത് പ്രതികൂല സാഹചര്യത്തിലും കടൽ രക്ഷാ പ്രവർത്തനം നടത്തുന്നതിന് വേണ്ട കടൽ പരിചയവും ശാരീരിക ക്ഷമതയും ഉണ്ടായിരിക്കണം. യാതൊരു വിധ ശാരീരിക വൈകല്യങ്ങൾ ഉണ്ടാകാൻ പാടില്ല. തെരഞ്ഞെടുക്കപ്പെട്ടവർക്ക് പോലീസ് വേരിഫിക്കേഷൻ ആവശ്യമാണെങ്കിൽ ആയതിനു വേണ്ട സ്വഭാവ വിശേഷണം ഉണ്ടായിരിക്കണം. അപേക്ഷ, മത്സ്യത്തൊഴിലാളി പാസ്ബുക്ക്, വയസ്സ്, മേൽവിലാസം എന്നിവ തെളിയിക്കുന്ന രേഖകൾ, ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ നൽകിയിട്ടുള്ള ഫിസിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ്, ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് എന്നിവ സഹിതം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലോ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനിലോ പ്രാദേശിക മത്സ്യഭവനുകളിലോ ഏപ്രിൽ ഒൻപതിന് വൈകീട്ട് അഞ്ചിനകം നേരിട്ടോ, dofcalicut@gmail.com എന്ന ഇ-മെയിൽ മുഖേനയോ നൽകണം. ഫോൺ -0495-2383780.

5. റബ്ബർമരങ്ങളിൽ പുതുതായി ടാപ്പിങ് ആരംഭിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ടാപ്പിങ്ങിനായി മരങ്ങളിൽ അടയാളമിടൽ എന്നീ വിഷയങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഈ വിഷയങ്ങൾ സംബന്ധിച്ച ചോദ്യങ്ങൾക്ക് 2025 ഏപ്രിൽ 09 (ബുധനാഴ്ച) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ പി.ആർ. ശിവരാമൻ, ഡെവലപ്മെന്റ് ഓഫീസർ ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 0481 2576622.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

6. കേരള കാർഷിക സർവകലാശാലയുടെ 3 മാസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സായ വിള സുസ്ഥിരതയ്ക്കായുള്ള ജൈവീക ഇടപെടലുകൾ (Organic Interventions for Crop Sustainability) യുടെ മൂന്നാമത്തെ ബാച്ചിലേക്ക് 2025ഏപ്രിൽ 10 വരെ അപേക്ഷിക്കാവുന്നതാണ് . പ്ലസ്ടു / തത്തുല്യ യോഗ്യതയുള്ളവർക്ക് https://docs.google.com/ വഴി 100 രൂപ അടച്ചു രെജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. അപ്ലിക്കേഷൻ ഫോം ലിങ്ക് കിട്ടുമ്പോൾ മാത്രം കോഴ്സ് ഫീസ് (4000 രൂപ) അടച്ചു ആവശ്യമുള്ള രേഖകൾ അപ്ലോഡ് ചെയ്യുക. മൂന്നാമത്തെ ബാച്ച് 30 പേർ റജിസ്റ്റർ ചെയ്താലുടൻ ആരംഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487-2371104 എന്ന ഫോൺ നമ്പറിലോ www.kau.in, www.ctl.kau.in എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം